ലേഖനം

ഹൈദറലി ശാന്തപുരം

# ഫീ ളിലാലിൽ ഖുർആന്റെ കഥ




**ഫീ ളിലാലിന്റെ അവസാന മൂന്നു ഭാഗങ്ങൾ എഴുതുന്ന കാലത്തായിരുന്നു പുതിയ കണ്ടെത്തെലുകൾ. അതിനാൽ ആ ഭാഗങ്ങളിൽ പ്രാസ്ഥാനിക മായ ചില പുതിയ ചിന്തകളും വീക്ഷണങ്ങളും അദ്ദേഹം രേഖ പ്പെടുത്തി. അതിലൂടെ ഖുർആൻ വ്യാഖ്യാന ശാസ്ത്രത്തിൽ 'അത്തഫ്സീറുൽ ഹറകീ' (പ്രാസ്ഥാനിക ഖുർആൻ വ്യാഖ്യാനം) എന്ന ഒരു പുതിയ ശാഖക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം.**

**ശതകണക്കിൽ** ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളുണ്ട് അറബി ഭാഷയിൽ. വിശുദ്ധ ഖുർആന്റെ വിവിധ വശങ്ങൾക്ക് പ്രാമുഖ്യം നൽകി രചിക്കപ്പെട്ട അവയിൽനിന്നെല്ലാം വ്യതിരിക്തത പുലർത്തുന്നതാണ് ശഹീദ് സയ്യിദ് ഖുത്ബിന്റെ *ഫീ ളിലാലിൽ ഖുർആൻ* (ഖുർആന്റെ തണലിൽ). പേര് സൂചിപ്പിക്കുന്നതുപോലെ ഖുർആന്റെ ശീതളഛായയിലൂടെയുള്ള ഒരു യാത്രയാണത്. ഖുർആൻ വ്യാഖ്യാനമോ സാഹിത്യകൃതിയോ എന്ന് തിരിച്ചറിയാൻ സാധിക്കാത്തവിധം മികച്ചതാണ് അതിന്റെ ആഖ്യാന ശൈലിയും സാഹിത്യ സൗകുമാര്യവും.

*ഫീ ളിലാലിൽ ഖുർആൻ* മുഴുവനായി പാരായണം ചെയ്യുമ്പോൾ അതിന്റെ ആദ്യമധ്യാന്തങ്ങൾ തമ്മിൽ പ്രകടമായ അന്തരം ദൃശ്യമാവും. സൂറ *അൽഫാത്തിഹ* മുതൽ സൂറ *ഇബ്റാഹീം* ഉൾപ്പെടെയുള്ള ആദ്യ ഭാഗത്തും സൂറ *അൽമുജാദല* മുതൽ സൂറ *അന്നാസ്* വരെയുള്ള അവസാന ഭാഗത്തും കൂടുതൽ വിശദീകരണവും വിവിധ വിഷയങ്ങളെ അധികരിച്ച് വിസ്തരിച്ച ചർച്ചയും കാണാം. സൂറ *അൽഹിജ്ർ* മുതൽ സൂറ *അൽഹദീദ്* വരെയുള്ള മധ്യഭാഗത്ത് വിശദീകരണവും ചർച്ചയും ഹ്രസ്വമാണ്. സയ്യിദ് ഖുത്ബ് *ഫീ ളിലാൽ* എഴുതിയ കഥ അറിയുമ്പോൾ മാത്രമേ ഈ അന്തരത്തിന്റെ കാരണം ബോധ്യമാവൂ.

### സയ്യിദ് ഖുത്ബും ഖുർആനും

വിശുദ്ധ ഖുർആനോട് സവിശേഷ താൽപര്യവും ആഭിമുഖ്യവും പുലർത്തുന്ന കുടുംബപശ്ചാത്തലമായിരുന്നു സയ്യിദ് ഖുത്ബിന്റേത്. പത്താം വയസ്സിൽ അദ്ദേഹം ഖുർആൻ ഹൃദിസ്ഥമാക്കി.

സെക്കന്ററി വിദ്യാഭ്യാസ ഘട്ടം മുതൽതന്നെ ഒരു സാഹിത്യകാരനും കലാസ്വാദകനുമെന്ന നിലയിൽ വിശുദ്ധ ഖുർആന്റെ കലാ-സാഹിത്യ ഭംഗി കണ്ടെത്താൻ അദ്ദേഹം ശ്രമിക്കുകയുണ്ടായി. ഖുർആന്റെ അലൗകികമായ കലാവിഷ്കാര സൗന്ദര്യത്താൽ അഗാധമായി സ്വാധീനിക്കപ്പെട്ട് *അൽമുഖ്തത്വഫ്* മാസികയിൽ *അത്തസ്വീറുൽ ഫന്നീ ഫിൽ ഖുർആൻ* (ഖുർആനിലെ കലാ ചിത്രീകരണം) എന്ന ലേഖനമെഴുതി. രണ്ട് ലക്കങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ട ലേഖനം 1945-ൽ വിപുലീകരിച്ച് ഗ്രന്ഥരൂപത്തിൽ പുറത്തിറക്കി. 1947-ൽ *മശാഹിദുൽ ഖിയാമ ഫിൽ ഖുർആൻ* (ഖുർആനിലെ അന്ത്യദിന ദൃശ്യങ്ങൾ) എന്ന കൃതിയും പ്രസിദ്ധീകരിച്ചു. ഖുർആൻ വചനങ്ങളിലെ കലാവിഷ്കാരത്തെ അധികരിച്ചുകൊണ്ടുള്ളതായിരുന്നു ഇരു കൃതികളും.

പിന്നീടാണ് ഖുർആന്റെ ആശയപ്രപഞ്ചത്തിലൂടെ സയ്യിദ് ഖുത്ബ് സഞ്ച

രിക്കുന്നതും അതിലൂടെ തന്റെ ജീവിതയാത്രക്കുള്ള പാഥേയം കണ്ടെത്തുന്നതും. വ്യത്യസ്ത ജീവിത സരണികളെക്കുറിച്ച് അഗാധമായ പഠനം നടത്തിയ അദ്ദേഹം, ഖുർആനിൽ താൻ തേടിയ ഋജുമാർഗം കണ്ടെത്തുകയായിരുന്നു. ഖുർആൻ മാർഗദർശനം ചെയ്യുന്ന സത്യം മാത്രമാണ് മാനവരാശിയുടെ മോക്ഷപാത എന്നദ്ദേഹത്തിന് ബോധ്യമായി. ഖുർആൻ യാത്രയിലൂടെ കണ്ടെത്തിയ സത്യം ജനസമക്ഷം ചൈതന്യവത്തായി സമർപ്പിക്കണമെന്ന അദമ്യമായ അഭിലാഷം മനസ്സിൽ അങ്കുരിക്കുകയും ചെയ്തു. *ഫീ ളിലാലിൽ ഖുർആൻ* എഴുതാൻ പശ്ചാത്തലമൊരുക്കിയത് ഈ അഭിലാഷമായിരുന്നു.

## *ഫീ ളിലാലിന്റെ* തുടക്കം

അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാവായ ഇമാം ഹസനുൽ ബന്നായുടെ ജാമാതാവും പ്രമുഖ ഇസ്‌ലാമിക പ്രബോധകനുമായ സഈദ് റമദാൻ 1951 അവസാനത്തിൽ *അൽമുസ്‌ലിമൂൻ* എന്ന പേരിൽ ഒരു ഇസ്‌ലാമിക ചിന്താ മാസിക ആരംഭിച്ചു. മുസ്‌ലിം ലോകത്തെ പ്രഗത്ഭ ചിന്തകരും ബുദ്ധിജീവികളുമാണ് അതിൽ എഴുതിയിരുന്നത്. മാസം തോറും ഓരോ ലേഖനം നൽകി പത്രത്തിന്റെ ദൗത്യനിർവഹണത്തിൽ സഹകരിക്കാൻ സഈദ് റമദാൻ സയ്യിദ് ഖുത്വ്ബിനോട് അഭ്യർഥിച്ചു. വിശുദ്ധ ഖുർആന്റെ സന്ദേശം ജനഹൃദയങ്ങളിലേക്കെത്തിക്കുക എന്ന തന്റെ ആഗ്രഹം സഫലീകരക്കാനുള്ള ഒരു സുവർണാവസരമായാണ് സയ്യിദ് ഖുത്വ്ബ് ഈ അഭ്യർഥനയെ കണ്ടത്.

അങ്ങനെ *ഫീ ളിലാലിൽ ഖുർആൻ* എന്ന കൗതുകകരമായ തലക്കെട്ടിൽ അദ്ദേഹം *അൽ മുസ്‌ലിമൂൻ* മാസികയിൽ ഖുർആൻ വ്യാഖ്യാനമെഴുതിത്തുടങ്ങി. പ്രതിപാദ്യ വിഷയങ്ങളെക്കുറിച്ച് വിസ്തരിച്ച ചർച്ചയോ അഗാധമായ പഠനമോ കൂടാതെ ഖുർആനികാശയം അനുവാചകരിലെത്തിക്കുക എന്നതായിരുന്നു അദ്ദേഹം മുമ്പിൽ കണ്ടത്. 1952 ഫെബ്രുവരിയിലിറങ്ങിയ *അൽ മുസ്‌ലിമൂന്റെ* മൂന്നാം ലക്കത്തിൽ *ഫീ ളിലാലിന്റെ* പ്രഥമ ഖണ്ഡം പ്രസിദ്ധീകരിച്ചു. സൂറ *അൽ ഫാത്തിഹ*യിൽനിന്ന് ആയിരുന്നു തുടക്കം. ഏഴു ലക്കങ്ങളിലായി *അൽബഖറ*യിലെ 103-ാം സൂക്തം വരെ എത്തി.

ഏഴാം ലക്കത്തിൽ സയ്യിദ് ഖുത്വ്ബ് വായനക്കാരെ അറിയിച്ചു: "ഈ പാഠത്തോടെ ഈ പരമ്പര *അൽ മുസ്‌ലിമൂനിൽ* പ്രസിദ്ധീകരിക്കുന്നത് അവസാനിപ്പിക്കുകയാണ്. *ഫീ ളിലാലിൽ ഖുർആൻ* മുപ്പത് ഭാഗങ്ങളായി ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. രണ്ട് മാസത്തിൽ ഒരു ഭാഗം എന്ന ക്രമത്തിലായിരിക്കും പ്രസിദ്ധീകരിക്കുക. ഒന്നാം ഭാഗം അല്ലാഹു അനുഗ്രഹിക്കുകയാണെങ്കിൽ അടുത്ത സെപ്റ്റംബറിൽ ഇറങ്ങും. ഈസാ അൽ ഹലബി ആന്റ് കമ്പനിയുടെ ദാറു ഇഹ്‌യാഇൽ കുതുബിൽ അറബിയ്യക്കാണ് പ്രസാധനാവകാശം. *അൽ മുസ്‌ലിമൂനിൽ*, *ഫീ ളിലാലി*നു പകരം 'നഹ്‌വ മുജ്തമഇൻ ഇസ്‌ലാമി' (ഇസ്‌ലാമിക സമൂഹത്തിന്റെ നിർമിതിക്ക്) എന്ന ശീർഷകത്തിൽ ഒരു പഠനം തുടർന്ന് പ്രസിദ്ധീകരിക്കുന്നതാണ്."

1952 ഒക്ടോബറിൽ *ഫീ ളിലാലി*ന്റെ ഒന്നാം ഭാഗം ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകൃതമായി. പിന്നീട് രണ്ടു മാസത്തിൽ ഒരു ഭാഗം എന്ന തോതിൽ പ്രസിദ്ധീകരണം തുടർന്നു. 1952 ഒക്ടോബറിനും 1954 ജനുവരിക്കുമിടയിൽ പതിനാറു ഭാഗങ്ങൾ പുറത്തിറങ്ങി. ബഹുമുഖങ്ങളായ കൃത്യാന്തര ബാഹുല്യങ്ങൾക്കിടയിലായിരുന്നു സയ്യിദ് *ഫീ ളിലാൽ* എഴുതിയിരുന്നത്.

താമസിയാതെ പ്രസിഡന്റ് ജമാൽ അബ്ദുന്നാസിറും ഇഖ്‌വാൻ പ്രസ്ഥാനവും തമ്മിൽ ഉടലെടുത്ത ഭിന്നത രൂക്ഷമായി. അബ്ദുന്നാസിർ ഇഖ്‌വാനെ അടിച്ചൊതുക്കാൻ തീരുമാനിച്ചു. 1954 ജനുവരി 15ന് ഇഖ്‌വാനെ നിരോധിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. മണിക്കൂറുകൾക്കകം ഇഖ്‌വാന്റെ അൽ മുർശിദുൽ ആം ഹസനുൽ ഹുദൈബിയടക്കമുള്ള നേതാക്കൾ അറസ്റ്റ് ചെയ്യപ്പെട്ടു. അറസ്റ്റ് ചെയ്യപ്പെട്ടവരുടെ മുൻനിരയിൽ സയ്യിദ് ഖുത്വ്ബുമുണ്ടായിരുന്നു.

1954 ഫെബ്രുവരി 28ന് ഇഖ്‌വാൻ സംഘടിപ്പിച്ച കൂറ്റൻ പ്രകടനത്തെയും പ്രക്ഷോഭത്തെയും തുടർന്ന് ഭരണകൂടം ഇഖ്‌വാൻ നേതാക്കളെയെല്ലാം ജയിൽ മോചിതരാക്കി. ജയിൽവാസ കാലത്ത് സയ്യിദ് ഖുത്വ്ബ് *ഫീ ളിലാലി*ന്റെ പതിനേഴും പതിനെട്ടും ഭാഗങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ജയിൽ മോചിതനായ ശേഷം പ്രതികൂല സാഹചര്യവും ജോലിത്തിരക്കും കാരണം ബാക്കി ഭാഗങ്ങൾ എഴുതാൻ സാധിച്ചില്ല.

1954 നവംബറിൽ പതിനായിരക്കണക്കിൽ ഇഖ്‌വാൻ പ്രവർത്തകർക്കൊപ്പം സയ്യിദ് ഖുത്വ്ബ് വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടു. കിരാതമായ ജയിൽപീഡനങ്ങൾ കാരണം സയ്യിദിന്റെ ആരോഗ്യസ്ഥിതി ഏറെ മോശമായ സാഹചര്യത്തിൽ *ഫീ ളിലാൽ* തുടർന്നെഴുതുക സാധ്യമായിരുന്നില്ല.

പട്ടാള കോടതിയിലെ വിചാരണ കഴിഞ്ഞ് സയ്യിദ് പതിനഞ്ച് വർഷത്തെ കഠിന തടവിന് ശിക്ഷിക്കപ്പെട്ട ശേഷം മർദന പീഡനങ്ങൾക്ക് അറുതി വന്നു. താമസം ലീമാൻ തുർറ ജയിലിൽ സ്ഥിരമായി. പീഡനങ്ങൾ അവസാനിച്ചുവെങ്കിലും അതിന്റെ ആഘാതം ശരീരത്തെയാകെ തളർത്തിയിരുന്നു. അതിനാൽ ജയിൽ ആശുപത്രിയിലായിരുന്നു പിന്നീട് അധികകാലവും കഴിച്ചുകൂട്ടിയത്. അതിനിടയിൽ *ഫീ ളിലാലി*ന്റെ ജോലി പുനരാരംഭിക്കാൻ സാധിച്ചു.

ജയിൽ നിയമമനുസരിച്ച്, തടവുപുള്ളികൾ എഴുതുന്നതും കടലാസ്, പേന തുടങ്ങിയ എഴുത്തുപകരണങ്ങൾ കൈവശം വെക്കുന്നതും കുറ്റകരമാണ്. അതിനുള്ള ശിക്ഷ ഗുരുതരവും. പക്ഷേ, സയ്യിദ് ഖുത്വ്ബിനു ജയിലിനുള്ളിൽ വെച്ചുതന്നെ *ഫീ ളിലാലിൽ ഖുർആൻ* എഴുതി പൂർത്തിയാക്കാനുള്ള സൗഭാഗ്യമുണ്ടായി. അതിന്റെ കഥ ഇങ്ങനെ:

സയ്യിദ് ഖുത്വ്ബും ദാറു ഇഹ്‌യാഇൽ കുതുബിൽ അറബിയ്യ എന്ന പ്രസിദ്ധീകരണാലയവും തമ്മിൽ ഒരു കരാറുണ്ടായിരുന്നു; സയ്യിദ് ഖുത്വ്ബ് *ഫീ ളിലാൽ* എഴുതിക്കൊടുക്കുമെന്നും ദാറു ഇഹ്‌യാഅ് അത് പ്രസിദ്ധീകരിക്കുമെന്നും. സയ്യിദ് ജയിലിലടക്കപ്പെടുകയും എഴുതുന്നതിന് ഭരണകൂടം വിലക്കേർപ്പെടുത്തുകയും ചെയ്തപ്പോൾ പതിനായിരം പൗണ്ട് നഷ്ടപരിഹാരം ആവശ്യപ്പെട്ട് പ്രസിദ്ധീകരണാലയം ഗവൺമെന്റിനെതിരെ കേസ് ഫയൽ ചെയ്തു. വിലക്കു കാരണം തങ്ങൾക്ക് വലിയ സാമ്പത്തിക നഷ്ടം ഉണ്ടായതായി അവർ വാദിച്ചു. ഗവൺമെന്റ് നഷ്ടപരിഹാരം നൽകുന്നതിനു പകരം സയ്യിദ് ഖുത്വ്ബിന് ജയിലിൽ വെച്ചു തന്നെ എഴുതാൻ അനുവാദം നൽകുകയാണ് ചെയ്തത്. ശൈഖ് മുഹമ്മദുൽ ഗസ്സാലിയെ പരിശോധകനായി നിശ്ചയിക്കുകയും ചെയ്തു. സയ്യിദ് ഖുത്വ്ബ് എഴുതുന്നത് ശൈഖ് ഗസ്സാലി പരിശോധിച്ച ശേഷം മാത്രമേ പ്രസിദ്ധീകരിക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ. സൂറ *അൽ ബുറൂജി*ന്റെ വ്യാഖ്യാനത്തിന് എഴുതിയ അനുബന്ധമൊഴികെ സയ്യിദ് ഖുത്വ്ബ് എഴുതിയതിനെല്ലാം ഗസ്സാലി അംഗീകാരം നൽകി. തനിക്കും സഹപ്രവർത്തകർക്കും ജയിലിൽ വെച്ച് ഏൽക്കേണ്ടിവന്ന കഠിന പീഡനങ്ങളിലേക്ക് സൂചന നൽകി

യിരുന്നു സൂറത്തുൽ ബുറൂജിന്റെ അനുബന്ധത്തിൽ സയ്യിദ് ഖുത്വ്ബ്.

*ഫീ ളിലാലിൽ* പ്രസിദ്ധീകരിക്കാൻ സാധിക്കാതെ വന്ന ആ ഭാഗം പിന്നീട് ചില ഭേദഗതികളോടെ 'ഹാദാ ഹുവത്ത്വരീഖ്' (ഇതാണ് വഴി) എന്ന തലക്കെട്ടിൽ *മആലിമു ഫിത്തരീഖ്* (വഴിയടയാളങ്ങൾ) എന്ന പ്രസിദ്ധ കൃതിയിലെ അവസാന അധ്യായമായി ചേർക്കുകയാണ് ചെയ്തത്.

## പ്രാസ്ഥാനിക തഫ്സീർ

ഖുർആൻ സൂക്തങ്ങൾക്ക് ലഘുവായ വിവരണം നൽകുന്ന രീതിയിലാണ് ഖുർആനിലെ 28-ാം ഭാഗം വരെ സയ്യിദ് ഖുത്വ്ബ് *ഫീ ളിലാൽ* എഴുതിയത്. ജയിൽവാസത്തിനിടയിൽ വിശുദ്ധ ഖുർആനുമൊരുമിച്ച് സുദീർഘമായ സഹവാസം, തനിക്കും ഇഖ്വാനും നേരിടേണ്ടി വന്ന വിവിധ പരീക്ഷണങ്ങൾ, മാറിക്കൊണ്ടിരുന്ന സാമൂഹിക ചുറ്റുപാടുകൾ എന്നിവയെല്ലാം സയ്യിദിന്റെ ചിന്തയിലും വീക്ഷണഗതിയിലും വികാസവും പരിവർത്തനവും സൃഷ്ടിച്ചു. ദഅ്വത്ത്, തർബിയത്ത്, ഇസ്‌ലാഹ്, ജിഹാദ്, വ്യവസ്ഥിതി മാറ്റം മുതലായ പ്രാസ്ഥാനിക വിഷയങ്ങളിൽ അദ്ദേഹം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

*ഫീ ളിലാലി*ന്റെ അവസാന മൂന്നു ഭാഗങ്ങൾ എഴുതുന്ന കാലത്തായിരുന്നു പുതിയ കണ്ടെത്തലുകൾ. അതിനാൽ ആ ഭാഗങ്ങളിൽ പ്രാസ്ഥാനികമായ ചില പുതിയ ചിന്തകളും വീക്ഷണങ്ങളും അദ്ദേഹം രേഖപ്പെടുത്തി. അതിലൂടെ ഖുർആൻ വ്യാഖ്യാന ശാസ്ത്രത്തിൽ 'അത്തഫ്സീറുൽ ഹറകീ' (പ്രാസ്ഥാനിക ഖുർആൻ വ്യാഖ്യാനം) എന്ന ഒരു പുതിയ ശാഖക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. 1950കളുടെ അവസാനത്തിലായിരുന്നു അത്.

എഴുതിക്കഴിഞ്ഞ ശേഷം *ഫീ ളിലാലി*ന്റെ മുഴുവൻ ഭാഗങ്ങളും പുതിയ രീതിയിൽ പരിഷ്കരിക്കാൻ സയ്യിദ് ഖുത്വ്ബ് തീരുമാനിച്ചിരുന്നു. 1960-ൽ പരിഷ്കരിച്ച പതിപ്പിന്റെ ഒന്നാം ഭാഗം പുറത്തുവന്നു. അങ്ങനെ *ഫീ ളിലാലി*ന്റെ പത്ത് ഭാഗങ്ങളാണ് ജയിലിൽ വെച്ച് പരിഷ്കരിച്ചെഴുതിയത്. ആദർശം, പ്രബോധനം, പ്രസ്ഥാനം, ജിഹാദ്, നിയമനിർമാണം, ജാഹിലിയ്യത്ത് തുടങ്ങിയ വിഷയങ്ങളിൽ വിസ്തരിച്ച പഠനം പരിഷ്കരിച്ച പതിപ്പിന്റെ സവിശേഷതയാണ്.

1964-ൽ ജയിൽ മോചിതനായതിനു ശേഷം ബാക്കി ഭാഗങ്ങളുടെ പരിഷ്കരണം തുടർന്നു. 1964 അവസാനം മുതൽ 1965 ആഗസ്റ്റ് ഒമ്പതിന് വീണ്ടും അറസ്റ്റ് ചെയ്യപ്പെടുന്നതുവരെ 11,12,13,14 ഭാഗങ്ങൾ കൂടി പരിഷ്കരിച്ചെഴുതി. സൂറത്തു ഇബ്റാഹീമിലാണ് അതവസാനിച്ചത്. 14 മുതൽ 27 വരെ ഭാഗങ്ങൾ കൂടി പുനഃപരിശോധന നടത്തി വിപുലീകരിച്ചെഴുതാൻ ഉദ്ദേശിച്ചിരുന്നെങ്കിലും അതിനു മുമ്പ് സ്വേഛാധിപത്യ ഭരണകൂടം അദ്ദേഹത്തെ തുറുങ്കിലടച്ച് വിചാരണ പ്രഹസനം നടത്തി തൂക്കിലേറ്റുകയാണുണ്ടായത്. ■

**അടുത്ത ലക്കത്തിൽ അവസാനിക്കും**